# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**DATE: 09.12.2025** **TIME: 06.30 PM**

### പ്രധാന വാർത്തകൾ

1. തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പിൽ സംസ്ഥാനത്ത് 70.41 ശതമാനം പോളിങ്. വോട്ടെടുപ്പ് പൊതുവേ സമാധാനപരം.
2. രണ്ടാംഘട്ട വോട്ടെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിച്ചു. കൊട്ടിക്കലാശം ആവേശകരമാക്കി രാഷ്ട്രീയ പാർട്ടികൾ. വോട്ടെടുപ്പ് മറ്റന്നാൾ.
3. SIR സമയക്രമം രണ്ടാഴ്ച്ച കൂടി നീട്ടണമെന്ന കേരളത്തിന്റെ ആവശ്യം നിരസിച്ച് സുപ്രീംകോടതി.
4. പാർലമെന്റിന്റെ ഇരുസഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്ക്കരണം, വന്ദേമാതരം എന്നീ വിഷയങ്ങളിൽ ചർച്ച തുടരുന്നു.
5. ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ ആദ്യ മത്സരത്തിന് അൽപസമയത്തിനകം തുടക്കം.

*************************************************

## തദ്ദേശ തെരഞ്ഞെടുപ്പ്- ഒന്നാം ഘട്ടം(1)

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പ് 7 ജില്ലകളിൽ ഇന്ന് നടന്നു. വോട്ടിങ് സമയം ആറ് മണിക്ക് പൂർത്തിയായപ്പോൾ, 70.41 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തിരുവനന്തപുരം മുതൽ എറണാകുളം

വരെയുള്ള ജില്ലകളിൽ നടന്ന ഒന്നാം ഘട്ട വോട്ടെടുപ്പിൽ മികച്ച ജനപങ്കാളിത്തമാണ് ഇന്ന് ദൃശ്യമായത്. ഒറ്റപ്പെട്ട അനിഷ്ട സംഭവങ്ങളൊഴിച്ചാൽ വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. രാവിലെ ഏഴു മണിക്കാണ് പോളിങ്ങ് ആരംഭിച്ചത്. വൈകുന്നേരം 6 വരെ പോളിംഗ് സ്റ്റേഷനിലെത്തിയ മുഴുവൻ പേർക്കും വോട്ട് ചെയ്യാൻ അവസരം ഒരുക്കിയിട്ടുണ്ട്.

**************************************************

## പോളിംഗ് ശതമാനം

തിരുവനന്തപുരം ജില്ലയിൽ നിലവിൽ 66.69 ശതമാനവും, കൊല്ലത്ത് 69.93 ഉം, പത്തനംതിട്ടയിൽ 66.48 ഉം ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. ആലപ്പുഴയിൽ പോളിങ്ങ് ശതമാനം 73.49 ഉം, കോട്ടയത്ത് 70.53 ഉം ആണ്. ഇടുക്കിയിൽ 71.18 ഉം എറണാകുളത്ത് 74.12 ഉം ആണ് പോളിങ്ങ് ശതമാനം.

**************************************************

## തിരുവനന്തപുരം

തിരുവനന്തപുരം കോർപ്പറേഷനിൽ ഇതുവരെ 56.68 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആറ്റിങ്ങൽ, നെടുമങ്ങാട്, വർക്കല, നെയ്യാറ്റിൻകര നഗരസഭകളിലും, പഞ്ചായത്ത് തലത്തിലും മികച്ച ജനപങ്കാളിത്തമാണ് പ്രകടമായത്. വഞ്ചിയൂരിൽ വോട്ടെടുപ്പിനിടെ സിപിഐ എം ബിജെപി പ്രവർത്തകർക്കിടയിൽ സംഘർഷമുണ്ടായി. കള്ളവോട്ട് ആരോപണത്തെ തുടർന്നായിരുന്നു സംഘർഷം. .തുടർന്ന് പോലീസും, ഇരു പാർട്ടിയിലെയും നേതാക്കളും സംഭവ സ്ഥലത്ത് എത്തിയാണ് സംഘർഷം അവസാനിപ്പിച്ചത്.

**************************************************

## പോളിംഗ് - ജില്ല

കൊല്ലം കോർപ്പറേഷനിൽ 62.44 ശതമാനം പോളിങ്ങ് രേഖപ്പെടുത്തി. കൊച്ചി കോർപ്പറേഷനിൽ 61.72 ശതമാനമാണ് പോളിങ്ങ്. എറണാകുളം ജില്ലയിലാണ് ഇതുവരെയുള്ള കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ പോളിങ്ങ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏറ്റവും കുറവ് പോളിങ്ങ് പത്തനംതിട്ട ജില്ലയിലാണ്. എറണാകുളം പാമ്പക്കുട ഓണക്കൂർ 10 ആം വാർഡിലെ പ്രാതിനിധ്യ വോട്ടെടുപ്പ് സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് മാറ്റിവച്ചിരുന്നു. ഇവിടെ ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലങ്ങളിൽ വോട്ടെടുപ്പ് നടന്നു. തിരുവനന്തപുരം വിഴിഞ്ഞം വാർഡിലും സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ചിരുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

*************************************************

പോളിംഗ് - ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴയിൽ സ്ഥാനാർത്ഥികളുടെ എല്ലാം കണക്കുകൂട്ടലും തെറ്റിച്ചുകൊണ്ടാണ് പോളിങ്ങ് 73.49 ശതമാനമായി ഉയർന്നത്. ജില്ലയിൽ രാവിലെ മുതൽ പോളിങ്ങ് ബൂത്തുകളിൽ വലിയ ജനത്തിരക്ക് അനുഭവപ്പെട്ടിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.....**

**(വോയ്സ്)**

*************************************************

പത്തനംതിട്ട - പോളിംഗ് (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ തുടക്കത്തിൽ പോളിങ്ങ് ബൂത്തുകളിൽ വലിയ ജനത്തിരക്ക് അനുഭവപ്പെട്ടെങ്കിലും, വൈകുന്നേരത്തോടെ പോളിങ്ങ് മന്ദഗതിയാലാണ്. പന്തളം നഗരസഭയിലാണ് ജില്ലയിൽ വോട്ടിംഗ് ശതമാനം ഏറ്റവും കൂടുതൽ .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ.......**

(വോയ്സ്)

***********************************************************

## തദ്ദേശ തെരഞ്ഞെടുപ്പ്- ഒന്നാം ഘട്ടം(2)

സംസ്ഥാനത്തെ 595 തദ്ദേശ സ്ഥാപനങ്ങളിലെ പതിനൊന്നായിരത്തിലധികം വാർഡുകളിലാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകൾക്ക് പുറമേ 39 നഗരസഭകളിലും, 471 ഗ്രാമപഞ്ചായത്തുകളിലും, 75 ബ്ലോക്ക് പഞ്ചായത്തുകളിലും, 7 ജില്ലാപഞ്ചായത്തുകളിലുമാണ് വോട്ടെടുപ്പ് പൂർത്തിയായത്. ഒന്നാംഘട്ടത്തിൽ 36,630 സ്ഥാനാർത്ഥികളാണ് ജനവിധി തേടിയത്. വോട്ടെടുപ്പ് പൂർത്തിയതിന് ശേഷം പോളിങ് സാധനങ്ങളും ഇ.വി.എമ്മും വിതരണകേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുള്ള സ്ട്രോങ്ങ് റൂമുകളിൽ സൂക്ഷിക്കും.

***********************************************************

## രണ്ടാം ഘട്ടം (ഇൻട്രോ)

രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ മറ്റന്നാളാണ് വോട്ടെടുപ്പ്. രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം ഇന്ന് ആറ് മണിയോടെ അവസാനിച്ചു. വിപുലമായ കൊട്ടിക്കലാശം ഒഴിവാക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ചിരുന്നെങ്കിലും രാഷ്ട്രീയ പാർട്ടികൾ സമാപനം ആഘോഷമാക്കി. നഗര മേഖലകളിലും, ഗ്രാമ കേന്ദ്രങ്ങളിലും നടന്ന കൊട്ടിക്കലാശത്തിൽ സ്ഥാനാർത്ഥികളുടെയും പ്രവർത്തകരുടെയും ആവേശം വാനോളമുയർന്നു.

**കണ്ണൂരിൽ നിന്നും കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി കെ.ഒ ശശിധരൻ...**

(ഹോൾഡ്)

604 തദ്ദേശ സ്ഥാപനങ്ങളിലെ 12,408 വാർഡുകളിലാണ് മറ്റന്നാൾ വോട്ടെടുപ്പ് നടക്കുക. തൃശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾ, 47 മുനിസിപ്പാലിറ്റികൾ, 470 ഗ്രാമപഞ്ചായത്തുകൾ, 77 ബ്ലോക്ക് പഞ്ചായത്തുകൾ, 7 ജില്ലാപഞ്ചായത്തുകൾ എന്നിവ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്നു. വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിലെ സർക്കാർ, അർദ്ധസർക്കാർ, വാണിജ്യ സ്ഥാപനങ്ങൾക്ക് മറ്റന്നാൾ അവധിയാണ്. കേന്ദ്ര ജീവനക്കാർക്ക് വോട്ട് ചെയ്യാൻ മതിയായ സൗകര്യം ഒരുക്കാനും നിർദ്ദേശമുണ്ട്. ഈ മാസം 13 നാണ് വോട്ടെണ്ണൽ. സംസ്ഥാനത്തെ 244 കേന്ദ്രങ്ങളിലായി ശനിയാഴ്ച രാവിലെ 8 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

*************************************************************

## പ്രചാരണം - തൃശ്ശൂർ (ഇൻട്രോ)

തൃശ്ശൂരിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ നാടിളക്കിയുള്ള ശബ്ദപ്രചരണത്തിന്റെ കൊട്ടിക്കലാശം നടന്നു. താളമേള വാദ്യ വിസ്മയങ്ങളോടെയായിരുന്നു സമാപന പരിപാടികൾ

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്........**

(വോയ്സ്)

*************************************************************

## തിരിച്ചറിയൽ രേഖ - വോട്ട്

വോട്ട് ചെയ്യുന്നതിന് ഉള്ള തിരിച്ചറിയൽ രേഖയായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജീവനക്കാർക്ക് നൽകുന്ന ഓഫീസ് ഐഡി കാർഡും ഉപയോഗിക്കാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ്

കമ്മീഷൻ . വോട്ടർ ഐ.ഡി കാർഡ്, ആധാർ കാർഡ്, ഡ്രൈവിങ് ലൈസൻസ്, പാസ്പോർട്ട്, പാൻകാർഡ്, ഫോട്ടോപതിച്ച ബാങ്ക് പാസ് ബുക്ക്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി ബുക്ക്, വോട്ടർസ്ലിപ്പ് എന്നിവയും തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം. പ്രവാസി വോട്ടർമാർക്ക് വോട്ട് ചെയ്യാനായി പോളിങ് സ്റ്റേഷനുകളിൽ നേരിട്ട് ഹാജരായി പാസ്പോർട്ടിന്റെ ഒറിജിനൽ കാണിക്കേണ്ടതാണ്.

*********************************************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

*********************************************************

എസ് ഐ ആർ - സുപ്രീംകോടതി

SIR സമയക്രമം രണ്ടാഴ്ച്ച കൂടി നീട്ടണമെന്ന കേരളത്തിന്റെ ആവശ്യം നിരസിച്ച് സുപ്രീംകോടതി. ഡിസംബർ 18 വരെയാണ് എന്യൂമറേഷൻ പ്രക്രിയയ്ക്കുള്ള നിലവിലെ സമയപരിധി. 18 ന് ശേഷം ഇക്കാര്യം കോടതി വീണ്ടും പരിഗണിക്കും. തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്നതിനാൽ സമയപരിധി വീണ്ടും നീട്ടണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരും ചില രാഷ്ട്രീയ പാർട്ടികളും സമർപ്പിച്ച ഹർജികളാണ് സുപ്രീംകോടതി പരിഗണിച്ചത്.

*********************************************************

വന്ദേമാതരം (ഇൻട്രോ )

പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. വന്ദേമാതരത്തിൻറെ 150-ാാം വാർഷികം സംബന്ധിച്ച ചർച്ചകൾ രാജ്യസഭയിൽ പുരോഗമിക്കുകയാണ്. ദേശീയ ഗീതമായ വന്ദേമാതരം ദേശസ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണെന്ന് ചർച്ചയ്ക്ക് തുടക്കം കുറിച്ചു കൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്

ഷാ പറഞ്ഞു. സ്വാതന്ത്ര്യസമര കാലത്തും, ഈ കാലഘട്ടത്തിലും, 2047-ൽ ഇന്ത്യ വികസിത രാജ്യമാകുമ്പോഴും വന്ദേ മാതരം ഒരു പോലെ പ്രസക്തമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

(വോയിസ് )

സ്വാതന്ത്ര്യ സമര കാലത്ത് കോൺഗ്രസ് വന്ദേമാതരത്തെ മുദ്രാവാക്യമാക്കി മാറ്റിയതായി രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗേ പറഞ്ഞു. നിസ്സഹരണ പ്രസ്ഥാനത്തിൽ പങ്കെടുത്ത ലക്ഷക്കണക്കിന് സ്വാതന്ത്ര്യസമര സേനാനികൾ വന്ദേമാതരം ആലപിച്ചു കൊണ്ടാണ് ജയിൽ വരിച്ചതെന്നും അദ്ദേഹം പറഞ്ഞു.

*************************************************************

## ലോക്സഭ - തിരഞ്ഞെടുപ്പ് ചർച്ച

തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെ സംബന്ധിച്ചുള്ള ചർച്ച ലോക്സഭയിൽ പുരോഗമിക്കുകയാണ്. എസ്.ഐ.ആർ നടപ്പാക്കിയതിൻറെ കാരണങ്ങൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കണമെന്ന് ചർച്ചയ്ക്ക് തുടക്കമിട്ടുകൊണ്ട് കോൺഗ്രസ് അംഗം മനീഷ് തിവാരി പറഞ്ഞു. എസ്.ഐ.ആർ നടപ്പാക്കുന്നതിൽ തിരഞ്ഞെടുപ്പ് കമ്മീഷൻറെ നിയമപരമായ അവകാശത്തെയും എംപി ചോദ്യം ചെയ്തു. തിരഞ്ഞെടുപ്പ് കമ്മീഷനെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ രാജ്യസഭാ പ്രതിപക്ഷ നേതാവിനെയും സുപ്രീംകോടതി ചീഫ് ജസ്റ്റിസിനെയും ഉൾപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ തിരഞ്ഞെടുപ്പ് കമ്മീഷൻ രാജ്യത്ത് ശരിയായ രീതിയിലാണ് നടത്തിവരുന്നതെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. ഇന്ത്യയിൽ തിരഞ്ഞെടുപ്പ് പ്രക്രിയ നിഷ്പക്ഷമായാണ് നടന്നു വരുന്നതെന്ന് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

************************************************

## രാഷ്ട്രപതി-പുരസ്കാരം

കല, നമ്മുടെ ഭൂതകാല സ്മരണകളെയും വർത്തമാനകാല അനുഭവങ്ങളെയും ഭാവിയിലെ അഭിലാഷങ്ങളെയും ഒരുപോലെ പ്രതിഫലിപ്പിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ 2023, 2024 വർഷങ്ങളിലെ ദേശീയ കരകൗശല പുരസ്കാരങ്ങൾ സമ്മാനിച്ച ശേഷം സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. കേരളത്തിൽ നിന്നും ബി രാധാകൃഷ്ണ പിള്ള, വി.കെ ജയൻ, കെ സുലൈമാൻ കുട്ടി എന്നിവർ പുരസ്കാരം സ്വന്തമാക്കി.

************************************************

## ടി-20 പരമ്പര

ഇന്ത്യ-ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് കളി ആരംഭിക്കുക. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണുള്ളത്.

************************************************

## പമ്പ - അപകടം

പമ്പ ചക്കുപാലത്ത് കെ.എസ്.ആർ.ടി.സി ബസുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ 30 പേർക്ക് പരിക്ക്. 10 വയസുകാരി ഉൾപ്പെടെ നാല് പേരെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഇതര സംസ്ഥാനക്കാരായ തീർഥാടകരാണ് ബസുകളിൽ ഉണ്ടായിരുന്നത്.

************************************************

## ശബരിമല-വന്യജീവി

ശബരിമലയിലെ ഉരക്കുഴി വെള്ളച്ചാട്ടത്തിലേക്ക് പോകുന്നത് കഴിവതും ഒഴിവാക്കാൻ വനംവകുപ്പ് ഭക്തരോടഭ്യർഥിച്ചു. പ്രദേശത്ത് വന്യജീവി ആക്രമണം വർധിക്കുന്ന സാഹചര്യത്തിലും അപകടങ്ങൾ വർധിക്കുന്നതിനാലുമാണ് ജാഗ്രതാ നിർദേശം.

കാനനപാതയിലൂടെ വരുന്ന തീർത്ഥാടകരിൽ പലരും ഉരക്കുഴി തീർത്ഥത്തിൽ മുങ്ങിക്കുളിച്ച ശേഷമാണ് സന്നിധാനത്തേക്കെത്തുന്നത്. ഇവിടെ സന്ധ്യാസമയം ആകുമ്പോഴേക്കും ആനകൾ കൂട്ടത്തോടെ, ഇറങ്ങാറുണ്ടെന്നും വനംവകുപ്പ് അറിയിച്ചു .

**************************************************

## ഐ എഫ് എഫ് കെ

30-ാമത് ഐ.എഫ്.എഫ്.കെ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഫീമെയിൽ ഫോക്കസ് വിഭാഗത്തിൽ അഞ്ച് വനിത സംവിധായകരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കും . 'ദി ക്രോണോളജി ഓഫ് വാട്ടർ' 'ദി ഗേൾ ഇൻ ദി സ്നോ', 'പീസസ് ഓഫ് എ ഫോറിൻ ലൈഫ്' , 'ഗേൾ', 'നിനോ'എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുക. സാമൂഹിക-വൈയക്തിക പ്രമേയങ്ങൾ ചർച്ച ചെയ്യുന്ന അഞ്ച് ലാറ്റിനമേരിക്കൻ ചിത്രങ്ങളും മേളയിൽ പ്രദർശിപ്പിക്കും . ചലച്ചിത്രമേളയ്ക്ക് ഈ മാസം 12ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ തിരി തെളിയും.

**************************************************

## ഡാക്ക് അദാലത്ത്

കേരള തപാൽ സർക്കിളിന്റെ 125-ാ മത് ഡാക്ക് അദാലത്ത് ഈ മാസം 30 ന് തിരുവനന്തപുരം ചീഫ് പോസ്റ്റ് മാസ്റ്റർ ജനറലിൻറെ കാര്യാലയത്തിൽ നടത്തും. കൗണ്ടർ സർവീസസ്, സേവിംഗ്സ് ബാങ്ക്, മണി ഓർഡറുകൾ എന്നിവയുൾപ്പെടെയുള്ള തപാൽ സേവനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ, നിവേദനങ്ങൾ, തർക്കങ്ങൾ എന്നിവ അദാലത്തിൽ പരിഗണിക്കും.

**************************************************

## ജെൻ-സീ പോസ്റ്റ് ഓഫീസ്

ഇന്ത്യാ പോസ്റ്റിന്റെ കേരളത്തിലെ ആദ്യത്തെ ജെൻ-സീ പോസ്റ്റ് ഓഫീസ് എക്സ്റ്റൻഷൻ കൗണ്ടർ കോട്ടയം CMS കോളേജിൽ തുറന്നു. കേരള സെൻട്രൽ റീജിയൺ പോസ്റ്റൽ സർവീസസ് ഡയറക്ടർ എൻ.ആർ.ഗിരി ഉദ്ഘാടനം ചെയ്തു.

************************************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 436 പോയിന്റ് താഴ്ന്ന് 84,666- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 121 പോയിന്റ് നഷ്ടത്തിൽ 25,840- ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കുറഞ്ഞു . പവന് 720 രൂപ താഴ്ന്ന് തൊണ്ണൂറ്റി നാലായിരത്തി തൊള്ളായിരത്തി ഇരുപത് രൂപയും ഗ്രാമിന് പതിനോരായിരത്തി എണ്ണൂറ്റി അറുപത്തി അഞ്ച് രൂപയുമാണ് ഇന്നത്തെ വില.

************************************************

## മനുഷ്യാവകാശ ദിനാഘോഷം

മനുഷ്യാവകാശ കമ്മീഷൻ സംഘടിപ്പിക്കുന്ന മനുഷ്യാവകാശ ദിനാഘോഷം നിയമ മന്ത്രി പി.രാജീവ് നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും . മനുഷ്യാവകാശ കമ്മിഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് അലക്സാണ്ടർ തോമസ് അദ്ധ്യക്ഷനാവും. നിയമ സർവകലാശാല വൈസ് ചാൻസലർ ഡോ.ജി ബി റെഡ്ഡി മുഖ്യപ്രഭാഷണം നടത്തും

************************************************

## ഐപിഎൽ

2026 ഐപിഎൽ സീസണിലേക്കുള്ള കളിക്കാരുടെ ലേല പട്ടിക അന്തിമമാക്കി ബി.സി.സി.ഐ. 1,355 പേരുകൾ ഉണ്ടായിരുന്നത് 350 ആയി കുറച്ചു. 35 പേരെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തി. 240

ഇന്ത്യൻ താരങ്ങളും 110 വിദേശ താരങ്ങളുമാണ് ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ലേലം ഈ മാസം 16 ന് അബുദാബിയിൽ നടക്കും.

*************************************************

## സർവകലാശാല

കേരളസർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സും സാമ്പത്തിക ശാസ്ത്ര വകുപ്പും, യുണൈറ്റഡ് നേഷൻസ് സർവകലാശാലകളായ യുഎൻയു മെറിറ്റും യുഎൻയു ക്രിസ്സും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന മൈക്രോ എവിഡൻസ് ഓൺ ഇന്നൊവേഷൻ ആന്റ് ഡെവലപ്മെന്റ് കോൺഫറൻസ് നാളെ മുതൽ ഈ മാസം 12 വരെ കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ വച്ച് നടക്കും. 26 രാജ്യങ്ങളിൽ നിന്നുള്ള 33 പ്രബന്ധങ്ങളാണ് അവതരിപ്പിക്കുന്നത്.

*************************************************

## വ്യോമയാനം

എയർലൈൻ പ്രവർത്തനങ്ങളും, യാത്രക്കാർക്ക് നൽകുന്ന സേവനങ്ങളും പരിശോധിക്കുന്നതിന് മുതിർന്ന ഉദ്യോഗസ്ഥർ വിമാനത്താവളങ്ങൾ സന്ദർശിക്കണമെന്ന് നിർദ്ദേശിച്ച് കേന്ദ്ര വ്യോമയാന മന്ത്രാലയം. സന്ദർശനത്തിനിടെ, യാത്രക്കാരിൽ നിന്ന് അഭിപ്രായങ്ങൾ ആരായണമെന്നും, പോരായ്മകൾ കണ്ടെത്തിയാൽ അവ ഉടനടി പരിഹരിക്കണമെന്നും മന്ത്രാലയം നിർദ്ദേശം നൽകി

*************************************************************************************
*****************************************************************